ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**എ.സി.ഡി. ബി1/15126/ഹ.സെ.വി/2006** **തീയതി: 15/09/2009**

പ്രേക്ഷിത,

ഡയറക്ടർ

സ്വീകർത്താവ്,

മേഖലാഉപമേധാവി,
തിരുവനന്തപുരം/എറണാകുളം/കോഴിക്കോട്

സർ,

വിഷയം: ഹയർസെക്കന്ററി – ലഹരിവിരുദ്ധ ബോധവൽക്കരണം – സംബന്ധിച്ച്.

സൂചന: 25/08/2009 ലെ സി.ജി.എസ്/ഡി.എച്ച്.എസ്.എസ്/09 നമ്പർ കത്ത്.

കേരള സർവ്വകലാശാല ഗാന്ധിയൻ പഠനകേന്ദ്രം സമഗ്രമായ ഒരു ലഹരിവിരുദ്ധ ബോധവൽക്കരണയജ്ഞത്തിന് ഈ വർഷത്തെ ഗാന്ധിജയന്തി ദിനം മുതൽ തുടക്കം കുറിക്കുയാണെന്ന് സൂചന കത്ത് പ്രകാരം കോ ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ ഹയർസെക്കന്ററി സ്ക്കൂളുകളിലും ഒക്ടോബർ 2-ന് മുൻപ് ഗാന്ധിയൻ പഠനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കാൻ തുടങ്ങുകയാണ്. ഹയർസെക്കന്ററി വകുപ്പിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാത്ത വിധത്തിലാണ് ക്ലബ്ബുകളും പ്രചാരണപ്രവർത്തനങ്ങളും സംഘടിപ്പിക്കുക. (ഈ വർഷം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ഹയർസെക്കന്ററി സ്ക്കൂളുകളിലാണ് ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുക). ഈ പരിശ്രമത്തിന് പൂർണ്ണപിന്തുണ നൽകുന്നതിനും ക്ലബ്ബ് രൂപീകരണത്തിലും ലഹരിവിരുദ്ധ പ്രചാരണയജ്ഞത്തിലും പങ്കാളികളാകുന്നതിനും എല്ലാ പ്രിൻസിപ്പൽമാർക്കും നിർദ്ദേശം നൽകുന്നു. മേഖലാ അധികാരികൾ ഇതിന് മേൽനോട്ടം വഹിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**ഡയറക്ടർ**

പകർപ്പ് (1) കോ-ഓർഡിനേറ്റർ
സെന്റർ ഫോർ ഗാന്ധിയൻ
സ്റ്റഡീസ്, കേരള സർവ്വകലാശാല
തിരുവനന്തപുരം.